**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 528** **13-01-2021 - ൽ മറുപടിയ്ക്ക്**

**കെൽട്രോണിന്റെ സമഗ്ര വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | **Shri E. P. Jayarajan**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി)** | |
| (എ) | നിലവിലുള്ള എം.ഡി. ചാർജ്ജ് എടുത്തതിനുശേഷം കെൽട്രോണിന്റെ സമഗ്ര വികസനത്തിനായി കൊണ്ടുവന്ന പദ്ധതികൾ എന്തെല്ലാമാണ്; ഓരോന്നിന്റെയും വിശദാംശം വെളിപ്പെടുത്തുമോ; | (എ) | നിലവിലുള്ള എം ഡി അധികാരമേറ്റ ശേഷമുള്ള കെൽട്രോണിന്റെ വികസനപദ്ധതികളുടെ വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു. ഇലക്ട്രോണിക്സ് മേഖലയിൽ ഗവേഷണത്തിനും ഉൽപ്പന്ന വികസനത്തിനും പ്രാധാന്യം നൽകികൊണ്ട് കരകുളം യൂണിറ്റിൽ ആർ & ഡി പ്രവർത്തനങ്ങൾ നടപ്പിലാക്കി. സ്മാർട്ട് മീറ്റർ, സെൻസർ ബേസ്ഡ് സാനിടൈസർ ഡിസ്പെൻസർ ഇ എം ലോഗ്, ബാറ്ററി മാനേജ്മന്റ് സിസ്റ്റം, ഡി സി യുപിഎസ്, സോളാർ പമ്പ് കൺട്രോളർ എന്നിങ്ങനെ ധാരാളം ഉത്പന്നങ്ങൾ ഇവിടെ വികസിപ്പിച്ചു വരുന്നു. ദൃശ്യ ശ്രാവ്യ മേഖലയിലെ നൂതന ആശയമായ ഓമെന്റഡ് റിയാലിറ്റി, വെർച്ചൽ റിയാലിറ്റി എന്നിവ ജനങ്ങളിൽ എത്തിക്കുന്നതിനും പഠനം നടത്തുന്നതിനുമായി AR-VR ലാബ് തിരുവനന്തപുരത്ത് ആരംഭിച്ചു. സർക്കാർ ഫണ്ട് ഉപയോഗിച്ച് കെൽട്രോൺ ലൈറ്റിംഗ് ഡിവിഷനിൽ ശ്രവണ സഹായികളുടെ നിർമാണത്തിനു വേണ്ടിയുള്ള യന്ത്രസാമഗ്രികൾ സ്ഥാപിക്കുകയും യൂണിറ്റിന്റെ മൊത്തമായുള്ള നവീകരണവും നടത്തുകയും ചെയ്തു. എയ്റോസ്പേയ്സ് ഇലക്ട്രോണിക്സ് മേഖലയിലെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനായി കരകുളം യൂണിറ്റിലെ സ്പേസ് ഇലക്ട്രോണിക്സ് ഗ്രൂപ്പിന്റെ നവീകരണം നടപ്പിലാക്കി. കരകുളം യൂണിറ്റിൽ സർഫേസ് മൗണ്ടഡ് ടെക്നോളജി ഉപയോഗിച്ച് PCB തയ്യാറാക്കുവാൻ ആധുനിക SMT റീഫ്ലോ യന്ത്രങ്ങൾ സ്ഥാപിച്ചു. ഇതിനു ISRO സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. സോഫ്റ്റ്‌വെയർ ഗ്രൂപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന്റെ ഭാഗമായി 3250 sq ft ന്റെ അത്യാധുനിക സൗകര്യങ്ങളോട്ടു കൂടിയ ഓഫീസ് സജ്ജമാക്കി. കേരളത്തിന്റെ സ്വന്തം ലാപ്ടോപ്പ് - കൊക്കോണിക്സ്, നിർമാണത്തിനുവേണ്ടി |

മൺവിള യൂണിറ്റിലെ നിലവിൽ ഉള്ള കെട്ടിടം നവീകരിച്ച 2019 ൽ പ്രവർത്തനമാരംഭിച്ചു. പബ്ലിക് - പ്രൈവറ്റ് പാർട്ണർഷിപ്പിൽ ഇതിനായുള്ള കരാറുണ്ടാക്കി. ട്രാഫിക് എൻഫോഴ്സ്മെന്റ് പദ്ധതികൾക്കു വേണ്ടിയുള്ള A1 ക്യാമറ അസ്സെംബ്ലിങ് സംവിധാനം മൺവിള യൂണിറ്റിൽ സജ്ജീകരിച്ചു. ഐഎസ്ആർഒ - യുടെ എയ്റോസ്പേയ്സ് പദ്ധതികൾക്ക് ആവശ്യമായ ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഫാബ്രിക്കേഷനും ഗുണപരിശോധനയുമായി മൺവിള യൂണിറ്റിൽ ക്ലീൻ റൂം ഫെസിലിറ്റി സജ്ജീകരിച്ചു. ഇതിലൂടെ സാറ്റലൈറ്റിനുള്ള ഇലക്ട്രോണിക്ക് പാക്കേജ് കെൽട്രോണിൽ നിർമ്മിക്കാൻ സാധിക്കുന്നതാണ്. സംസ്ഥാന ഫിഷറിസ് വകുപ്പിന് വേണ്ടി 'നാവിക്' വികസിപ്പിച്ച നിർമ്മാണം നടത്തി വരുന്നു. ഡിജിറ്റൽ ശ്രവണ സഹായിയുടെ (ശ്രവൺ) നിർമ്മാണം, വിതരണം എന്നിവ പൊതുവിപണിയിൽ നടത്തി വരുന്നു. ഗുജറാത്തിലെയും രാജസ്ഥാനിലെയും ആണവോർജ്ജ പദ്ധതികൾക്കു വേണ്ടി ഊർജ്ജശക്തി കൂടുതലുള്ള 16 KVA ,500 KVA യു പി എസ് സിസ്റ്റം നിർമ്മിച്ചു നൽകി. കോവിഡ് - 19 മായി ബന്ധപ്പെട്ട പ്രതിരോധ / സുരക്ഷാ ഉപകരണങ്ങൾ (Handheld Non Contact Thermal Probe, Multi Probe Thermal Scanner, Paper Disinfector and UV Disinfection) കെൽട്രോൺ അരൂർ യൂണിറ്റിൽ NPOL യുമായി സഹകരിച്ചു വികസിപ്പിച്ചു. പ്രതിരോധ മേഖലയ്ക്ക് വേണ്ടി Complain vibration isolation module, Own noise analyser, Advanced indigenous distress sonar system എന്നിവ നിർമ്മിച്ചു. നാവിക സേനയ്ക്ക് വേണ്ടി മുങ്ങി കപ്പലിൽ ഉപയോഗിക്കുന്ന Advanced Distress Sonar System (ADSS) വികസിപ്പിച്ചു. കെൽട്രോൺ കോൺട്രോൾസ് - അരൂർ ന് 56.29 കോടി രൂപയുടെ ഓർഡർ ഇതിനായി ലഭിച്ചു . Regenerative Battery Discharge System (RBDS) രൂപകൽപ്പന ചെയ്തു ഉൽപ്പന്നമായി വികസിപ്പിച്ചു ഗുണപരിശോധനകൾ പൂർത്തിയാക്കി. 10 KW ,500KW ഗ്രിഡ് ടൈഡ് സോളാർ പിസിയു വിജയകരമായി വികസിപ്പിച്ച് ഗുണപരിശോധനകൾ പൂർത്തിയാക്കി. 2.35 കോടി രൂപയുടെ എക്സ് ബി ടി (XBT) പ്രോബ് പ്രതിരോധ സേനയ്ക്ക് നിർമ്മിച്ചു നൽകി. DRDO-യുടെ കീഴിലുള്ള DEBEL- ലുമായി സഹകരിച് ICU നിലവാരത്തിലുള്ള വെന്റിലേറ്ററുകൾ നിർമ്മിക്കുന്നതിനുള്ള കരാർ ഒപ്പുവച്ചു, പ്രവർത്തനമാരംഭിച്ചു. കൊച്ചി സ്മാർട്ട് സിറ്റികളുടെ ഭാഗമായി Integrated Traffic

| | | | |
|---|---|---|---|
| | | | Management System പദ്ധതി പൂർത്തീകരിച്ചു. കേരളത്തിലെ കോടതികളും ജയിലുകളും ബന്ധിപ്പിച്ചു കൊണ്ടുള്ള വീഡിയോ കോൺഫറൻസിങ് സംവിധാനം വളരെ ഫലപ്രദമായി നിർവ്വഹിച്ചു. ആരോഗ്യ മേഖലയിലെ ഏകോപനത്തിനുള്ള E-Health പദ്ധതി നടപ്പിലാക്കി വരുന്നു. മൺവിള യൂണിറ്റിന് സംസ്ഥാന മോട്ടോർ വാഹന വകുപ്പിന്റെ സുരക്ഷാ പദ്ധതിയായ SAFE KERALA യുടെ ഏകോപനത്തിനും നിർവഹണത്തിനുമായി ഓർഡർ ലഭിച്ചു. ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. KITE- സ്മാർട്ട് ക്ളാസ്സ് റൂം പദ്ധതി പൂർത്തീകരിച്ചുവരുന്നു. ഏഴിമല നാവിക അക്കാഡമിയിൽ 3 മെഗാവാട്ട് (ഗ്രിഡ് കണക്റ്റഡ്) സോളാർ പവർ പ്ലാന്റ്സ്ഥാപിച്ചു പ്രവർത്തനമാരംഭിച്ചു. ചെന്നൈ സ്മാർട്ട് സിറ്റിയ്ക്കു വേണ്ടി കമാൻഡ് & കൺട്രോൾ സെന്റർ സ്ഥാപിക്കുന്നതിനായി 148 കോടി രൂപയുടെ ഓർഡർ പൂർത്തീകരിച്ചു. പദ്ധതിയുടെ രൂപകൽപ്പന മുതൽ നടത്തിപ്പു വരെ ഉൾപ്പെടുന്നതാണിത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വെബ്കാസ്റ്റിംഗ്, നെറ്റ് വർക്കിംഗ് സേവനം തുടങ്ങിയവ കെൽട്രോണിന്റെ ITബിസിനസ്സ് വിഭാഗമാണ് നിർവഹിച്ചത് . 1.42 കോടി രൂപയുടെ പദ്ധതിയാണിത്. Echo sounder, EM Log and under water Telephone എന്നീ ഡിഫൻസ് ഇലക്ട്രോണിക്സ് ഉപകരണങ്ങൾ നിർമിച്ചു നൽകുന്നതിന് കെൽട്രോൺ എക്വിപ്മെൻറ് കോംപ്ലക്സ് - കരകുളത്തിന് 20 കോടി രൂപയുടെ ഓർഡർ ഇന്ത്യൻ നാവിക സേനയിൽ നിന്നും ലഭിച്ചു. അഹമ്മദാബാദ് മുൻസിപ്പൽ കോര്പറേഷനിൽ വിപുലമായ ട്രാഫിക് പദ്ധതി പൂർത്തിയാക്കി. പ്രതിരോധ മേഖലയിൽ കെൽട്രോണിന് ആദ്യമായി കരസേനയ്ക്കു വേണ്ടി GPS അധിഷ്ഠിത Mine Field Marking System വികസിപ്പിക്കുവാനുള്ള ഓർഡർ ലഭിച്ചു. ഭാരത് ഡയനാമിക്സ് ലിമിറ്റഡുമായി വിവിധ മേഖലകളിൽ ഒരുമിച്ചു സഹകരിച്ചു പ്രവർത്തിക്കുന്നതിനുള്ള കരാർ ഒപ്പുവച്ചു. മെഡിക്കൽ ഇലക്ട്രോണിക്സ് മേഖലയിൽ കൂടുതൽ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിനായി DEBEL, ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സ്ഥാപനങ്ങളുമായി കെൽട്രോൺ പ്രവർത്തനം ആരംഭിച്ചു. ഇത് കൂടാതെ കമ്പനിക്ക് 965 കോടി രൂപയുടെ ഓർഡർ ബുക്കിംഗ് ഈ കാലയളവിൽ ലഭിച്ചിട്ടുണ്ട് |
| (ബി) | പ്രസ്തുത പദ്ധതികളിലൂടെ നേടിയ ലാഭം എത്ര ശതമാനമാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഈ കാലയളവിൽ കമ്പനിയുടെ മൊത്തമായിട്ടുള്ള വിറ്റുവരവ് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | നഷ്ടം സംഭവിച്ചെങ്കിൽ അവ ഏതെല്ലാം പ്രോജക്ടുകളിലാണെന്നും എത്ര തുകയാണെന്നും വ്യക്തമാക്കുമോ; | (സി) | പദ്ധതികളിൽ ഒന്നും നഷ്ടമുണ്ടായതായി റിപ്പോർട്ടില്ല. |
| (ഡി) | എന്തെല്ലാം ഉൽപ്പന്നങ്ങളാണ് കെൽട്രോൺ സ്വന്തമായി നിർമ്മിച്ച് വിതരണം ചെയ്യുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | കെൽട്രോൺ സ്വന്തമായി നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ/ ഉപകരണങ്ങൾ ചുവടെ ചേർക്കുന്നു KVA – 500 KVA വരെയുള്ള കൊമേർഷ്യൽ -ഇൻഡസ്ട്രിയൽ & ക്രിട്ടിക്കൽ അപ്ലിക്കേഷൻ UPS, ബാറ്ററി ചാർജർ തുടങ്ങിയ പവർ ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങൾ ട്രാഫിക് കൺട്രോളർ ഉപകരണങ്ങൾ നാവിക് പ്രതിരോധ മേഖലയ്ക്ക് വേണ്ടി Complain vibration isolation module,Own noise analyser,Advanced indigenous distress sonar system നിർമ്മിച്ചു നൽകി. മുങ്ങി കപ്പലുകളിലിൽ ഉപയോഗിക്കുന്ന Advanced Distress Sonar System (ADSS) ഇലക്ട്രോണിക് ഘടകങ്ങൾ' നിർമ്മിച്ചു ഗുണപരിശോധനകൾ നടത്തി നൽകുന്നു Regenerative Battery Discharge System (RBDS) രൂപകൽപ്പന ചെയ്തു ഉൽപ്പന്നമായി വികസിപ്പിച്ചു ശ്രുവൺ - ഡിജിറ്റൽ ശ്രവണ സഹായി 10KW, 500KW ഗ്രിഡ് ടൈഡ് സോളാർ പി സി യു വിജയകരമായി വികസിപ്പിച്ചു ഗുണപരിശോധനകൾ പൂർത്തിയാക്കി എക്സ് ബി ടി (XBT) പ്രോബ് Handheld Non Contact Thermal Probe Multi Probe Thermal Scanner, Paper Disinfector UV Disinfection Box AI Camera DRDO-യുടെ കീഴിലുള്ള DEBEL- ലുമായി സഹകരിച് ICU നിലവാരത്തിലുള്ള വെന്റിലേറ്ററുകൾ നിർമ്മിക്കുന്നതിനുള്ള കരാർ ഒപ്പു വച്ചു. |

സെക്ഷൻ ഓഫീസർ